## ദിവസത്തെ തുടർച്ചയായ സേവനമില്ലാത്ത തൊഴിലാളിക്ക് യാതൊരു നിവൃത്തിക്കും അവകാശമില്ല

### ഗുജറാത്ത് ഹൈക്കോടതി

R/S C.A. No. 7190/2010 Dt. 27.1.2021

ബി.എച്ച്. വിർസോദിയ x ലേബർ കോർട്ട്

മനുബൻ ധബർഭായ് സാനറ്റോറിയത്തിലെ ജീവനക്കാരനായിരുന്നു ഹർജിക്കാരനായ വിർസോദിയയുടെ പിതാവ്. പിതാവിന്റെ അകാല നിര്യാണത്തെത്തുടർന്ന് നിരാലംബരായ അനന്തരാവകാശികളോടുള്ള അനുകമ്പ മൂലം മേനേജ്മെന്റ് മരിച്ച തൊഴിലാളിയുടെ മകനെ സാനറ്റോറിയത്തിൽ ക്ലർക്കായി നിയമിച്ചു. അയാളുടെ സേവനം ഒട്ടും തൃപ്തികരമല്ലെന്ന് വിലയിരുത്തിയ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഏതാനും മാസം മാത്രം ജോലി ചെയ്ത അയാൾക്ക് റിട്രഞ്ച്മെന്റ് ആനുകൂല്യങ്ങൾ നല്കിയില്ല. ജോലി നഷ്ടപ്പെട്ട അയാൾ ലേബർ കോടതിയിൽ പരാതി നല്കി. തന്നെ അകാരണമായും നിയമവിരുദ്ധവുമായും ജോലിയിൽ നിന്ന് പിരിച്ചുവിട്ടുവെന്നാണ് തൊഴിലാളി ആരോപിച്ചത്. 240 ദിവസത്തിൽ താഴെ മാത്രമേ അയാൾ ജോലി ചെയ്തിട്ടുള്ളൂവെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടിയെങ്കിലും തന്റെ വാദങ്ങൾ തെളിയിക്കാൻ തൊഴിലാളി യാതൊരു നടപടിയും കൈക്കൊണ്ടില്ല. തൊഴിലാളിക്ക് വ്യവസായ തർക്ക നിയമപ്രകാരം യാതൊരു നിവൃത്തിയും ലഭിക്കാൻ അവകാശമില്ലെന്ന് വിലയിരുത്തിയ ലേബർ കോടതി തൊഴിലാളിയുടെ പരാതി തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. സാനറ്റോറിയത്തിൽ താൻ ക്ലർക്കായി ജോലി ചെയ്യുന്നതിനു മുമ്പ് കാവൽക്കാരനായി ജോലി ചെയ്തിരുന്നുവെന്നും ആ സേവനം കൂടി കണക്കിലെടുത്താൽ 240 ദിവസത്തിലധികം ജോലി ചെയ്തിട്ടുണ്ടെന്ന് കാണാവുന്നതാണെന്ന് തൊഴിലാളി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. 240 ദിവസം ജോലി ചെയ്തുവെന്ന് തെളിയിക്കേണ്ട ചുമതല അത് അവകാശപ്പെടുന്ന തൊഴിലാളിക്കാണെന്നും അത് നിറവേറ്റുന്നതിൽ തൊഴിലാളി പരാജയപ്പെട്ടുവെന്നും വിലയിരുത്തിയ ഹൈക്കോടതി ലേബർ കോടതിയുടെ വിധി ശരിവയ്ക്കുകയും തൊഴിലാളിയുടെ ഹർജി തള്ളിക്കളയുകയും ചെയ്തു.